**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2753** **17-03-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ ചന്തകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | null<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഉത്സവകാലത്തോ പുതുവത്സരത്തിലോ സഹകരണ ചന്തകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ചന്തകളാണ് ആരംഭിച്ചതെന്നും ആരംഭിച്ചിട്ടില്ലായെങ്കിൽ കാരണം എന്താണെന്നും വ്യക്തമാക്കാമോ; | (എ) | നടത്തിയിട്ടുണ്ട്. 2021 ആഗസ്റ്റ് 11 മുതൽ 20 വരെ 1929 വിപണികളിലായി കൺസ്യൂമർഫെഡറേഷന്റെ നേതൃത്വത്തിൽ സർക്കാർ സബ്സിഡിയോടു കൂടി സഹകരണ ഓണം വിപണി നടത്തിയിട്ടുണ്ട്. |
| (ബി) | സാധാരണക്കാർക്ക് ആശ്വാസമേകുന്ന വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള ഇത്തരം സംവിധാനങ്ങളിൽ നിന്ന് പിൻവാങ്ങുന്നതിന്റെ കാരണം വിശദമാക്കാമോ; | (ബി) | സഹകരണവകുപ്പ് മുൻ കാലങ്ങളിലേതു പോലെ ഈ സാമ്പത്തിക വർഷവും സഹകരണ വിപണി സംഘടിപ്പിച്ചിട്ടുണ്ട്. |
| (സി) | സഹകരണ ചന്തകൾക്ക് സബ്സിഡി ലഭിയ്ക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സബ്സിഡി ഉറപ്പ് വരുത്തി വിജയകരമായി ചന്തകൾ നടത്തുവാൻ വകുപ്പിന് കഴിയാത്തത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കുമോ? | (സി) | സബ്സിഡി നിരക്കിൽ ഉത്സവകാല വിപണികൾ നടത്തുന്നതിന് കൺസ്യൂമർഫെഡറേഷൻ മിതമായ വിലയ്ക്ക് മൊത്തമായി സാധനങ്ങൾ ശേഖരിച്ച് പ്രാഥമിക സഹകരണ സംഘങ്ങളെ ഏകോപിപ്പിച്ച് കൊണ്ട് സഹകരണ വിപണികൾ മുഖേന 13 ഇനം നിത്യോപയോഗസാധനങ്ങൾ നിയന്ത്രിത അളവിൽ സബ്സിഡിയോടു കൂടി ഉത്സവകാലങ്ങളിൽ വിൽപന നടത്തി വരുന്നുണ്ട്. വിപണിയിൽ ഫലപ്രദമായി ഇടപെടുന്നതിനു ഗവൺമെന്റ് സബ്സിഡി അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ